കുടിശ്ശികയുണ്ട്. ഈ ഇനത്തിലെല്ലാം വന്നിച്ച തട്ടിപ്പ് നടത്തുന്നുണ്ട്. ഇങ്ങനെ തട്ടിപ്പ് നടത്തിയത് കണ്ടുപിടിച്ച് ഈ കമ്പനി കെ.എസ്.ഇ.ബി-ക്ക് പണമടയ്ക്കണമെന്ന നിർദ്ദേശം കൊടുത്തതിന്റെ ഭാഗമായി ഒരു ഉദ്യോഗസ്ഥനെ കൊലപ്പെടുത്തിയ സമീപനം ഉൾപ്പെടെ ഉണ്ടായിട്ടുണ്ട്. ഈ കമ്പനികൾ ദുരൂഹ സാഹചര്യത്തിലാണ് പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. എട്ട് ദുരൂഹ മരണങ്ങൾ ഈ സ്ഥാപനങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഇത്തരം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാക്കുന്ന, മനുഷ്യന്റെ ജീവന് യാതൊരു വിലയും കൽപ്പിക്കാതെ മനുഷ്യനെ കൊന്നൊടുക്കുന്ന ഇത്തരം വ്യവസായ സ്ഥാപനങ്ങൾ ഇല്ലാതാക്കാൻ ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പരിസ്ഥിതി വനംവകുപ്പ് മന്ത്രി (ശ്രീ. എ. സുജനപാൽ): കഞ്ചിക്കോട് വ്യവസായ മേഖലയിൽ 32 ഇരുമ്പുരുക്ക് വ്യവസായങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. 12 സ്ഥാപനങ്ങൾ നിർമ്മാണത്തിലാണ്. ഇതിനെ സംബന്ധിച്ചിടത്തോളം ഇൻഡസ്ട്രീസ് മോണിറ്ററിംഗ് കമ്മിറ്റി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പരാതികൾ പരിശോധിച്ച് 1-10-2005-ന് ശേഷം അപേക്ഷ സമർപ്പിച്ചവർക്ക് അനുമതി നൽകേണ്ട എന്നാണ് തീരുമാനിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച പരിസ്ഥിതി പ്രശ്നത്തെ സംബന്ധിച്ച് വിശദമായി പഠിക്കുന്നതിനുവേണ്ടി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുന്ന നാലംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(17) മായന്നൂർ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഒറ്റപ്പാലം-മായന്നൂർ-ചേലക്കര നിവാസികളുടെ നീണ്ടകാലത്തെ ആഗ്രഹമാണ് ഒറ്റപ്പാലം-മായന്നൂർ പാലമെന്നത്. 2000 ൽ മായന്നൂർ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. 6 വർഷങ്ങൾ പിന്നിട്ടിട്ടും ഇനിയും ഏകദേശം 25 സ്പാനുകളുടെ പണികൾ നടത്തേണ്ടതുണ്ട്. 10 സ്പാനുകളുടെ പണിയാണ് പൂർത്തീകരിച്ചിരിക്കുന്നത്. കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഇതിന്റെ പണി ഏറ്റെടുത്തിരിക്കുന്നത്. കൺസ്ട്രക്ഷൻ കോർപ്പറേഷന് പൊതുമരാമത്ത് വകുപ്പ് 8,34,91,000-ൽപ്പരം രൂപ കൊടുത്തിട്ടുണ്ടെങ്കിലും അത് സബ് കോൺട്രാക്ട് എടുത്ത ആളുകൾക്ക് 6,21,00,000-ൽപ്പരം രൂപയാണ് കൊടുത്തിട്ടുള്ളത്. അതുകൊണ്ട് അതിന്റെ പണി മന്ദഗതിയിലാണ് പോകുന്നത്. പണി ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. അതോടൊപ്പംതന്നെ പാലത്തിന്റെ പണി പൂർത്തീകരിക്കണമെന്നുണ്ടെങ്കിൽ റെയിൽവേ ബ്രിഡ്ജിൽക്കൂടി പണി കഴിക്കേണ്ടതുണ്ട്. അതിന് ഏകദേശം 2 കോടി രൂപ റെയിൽവേയിൽ കെട്ടിവയ്ക്കേണ്ടതുണ്ട്. റെയിൽവേയിൽ കെട്ടിവയ്ക്കാനുള്ള തുകയും സർക്കാർ നൽകേണ്ടതാണ്. അങ്ങനെ പണി എത്രയുംവേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് മരാമത്ത് വകുപ്പുമന്ത്രിയോട് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

11.00 A.M]

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, മായന്നൂർ പാലത്തിന്റെ പണി ഇപ്പോൾ പുരോഗതിയിലാണ്. മറ്റ് പ്രതിബന്ധങ്ങളൊന്നും ഉണ്ടായിട്ടില്ലെങ്കിൽ 2006 ഡിസംബർ മാസത്തോടുകൂടി പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 7.80 ലക്ഷം രൂപ റെയിൽവേയിൽ അടച്ചിട്ടുണ്ട്. ഇനി രണ്ട് കോടി രൂപകൂടി റെയിൽവേയിൽ അടയ്ക്കാനുണ്ട്. റീ-അപ്രോപ്രിയേഷൻ മുഖേന തുക കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റിവച്ചിട്ടുള്ള 47.19 കോടി രൂപ 5054-4-800-8902എന്ന ഹെഡ്ഡിൽ വകയിരുത്തിയിട്ടുണ്ട്. അതിൽനിന്നും രണ്ടു കോടി രൂപ കണ്ടെത്താൻ സാധിക്കും. അതുസംബന്ധിച്ചുള്ള തീരുമാനമായിട്ടുണ്ട്. പാലം പണി പൂർത്തിയാകുന്ന മുറയ്ക്ക് റെയിൽവേ ഓവർബ്രിഡ്ജിന്റെ പണിയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(18) ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കൽ

ശ്രീ. ടി. യു. രാധാകൃഷ്ണൻ: സർ, കേരളത്തിലെ സാമൂഹിക തിന്മയ്ക്കെതിരെ ശ്രീ. എ.കെ. ആന്റണി ഏർപ്പെടുത്തിയ ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട ചാരായത്തൊഴിലാളികളുടെ പുനരധിവാസമെന്ന വാഗ്ദാനം പാലിക്കപ്പെടാതെ നിൽക്കുന്നു. കള്ളുഷാപ്പുകളിൽ അവർക്ക് ജോലി കൊടുക്കാൻ തീരുമാനമായി. പക്ഷേ ഇവിടെ സി.ഐ.ടി.യു-വിന്റെ നേതൃത്വത്തിലുള്ള ട്രേഡ് യൂണിയൻ അവരെ അതിനകത്തുകയറ്റുകയില്ലെന്നുള്ള ശക്തമായ നിലപാടെടുത്തുകൊണ്ട് പുറത്തു നിറുത്തിയിരിക്കുകയാണ്. ഇപ്പോൾ ആ യൂണിയൻ സുപ്രീം കോടതിയിൽ നിന്നും ഒരു സ്റ്റേ ഉത്തരവ് വാങ്ങി; ഈ നടപടികൾ നടപ്പാക്കുന്നതിനെ തടഞ്ഞിരിക്കുകയാണ് ഗവൺമെന്റ് അടിയന്തിരമായി ഈ കാര്യത്തിൽ ഇടപെടുകയും അവർക്ക് ജോലി തിരികെ നൽകുകയോ, (ഇവരുടെ ക്ഷേമനിധിയിൽ ഒരുപാട് പണമുണ്ടെന്ന് പറയുന്നു.) അവരുടെ ക്ഷേമനിധിയിൽനിന്നും വി.ആർ.എസ്. പോലുള്ള സഹായം കൊടുക്കുകയോ ചെയ്ത് അവരുടെ പ്രശ്നം അവസാനിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ചാരായ നിരോധനം നിലവിൽ വന്നതുമൂലം തൊഴിൽരഹിതരായ തൊഴിലാളികളെ സംസ്ഥാനത്ത് നിലവിലുള്ള കള്ളുഷാപ്പുകളിൽ ജില്ലാതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനായി അർഹതപ്പെട്ടവരുടെ ജില്ലാ സീനിയോറിറ്റി ലിസ്റ്റ് തൊഴിൽ വകുപ്പ് തയ്യാറാക്കി നികുതി വകുപ്പിന് കൈമാറിയെങ്കിലും കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ റൂൾസിൽ സർക്കാരിനെതിരായി കൊണ്ടുവന്ന ഭേദഗതികളനുസരിച്ചുള്ള തുടർ നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. സുപ്രീംകോടതിയിൽ കഴിഞ്ഞ ആഴ്ച അതിന്റെ ഒരു ഹിയറിംഗ് ഉണ്ടായിരുന്നു. ഗവണ്മെന്റ് കഴിഞ്ഞ രണ്ടുമൂന്നു വർഷ

LIBRARY ARCHIVES Kerala Legislative Assembly